**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**
**25.05.2017 ലെ മറുപടിക്ക്**
**ചോദ്യം നം. 5773**

## ഒമ്പതാം ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ അനോമലി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ഹൈബി ഈഡൻ | ഡോ.റ്റി.എം. തോമസ് ഐസക്<br>ബഹു.ധനകാര്യമന്ത്രി |
| (എ) | 7777/പി.ആർ.സി-ഡി2/ 2012/ഫിൻ നമ്പർ ഫയലിലെ തീരുമാനം എന്തായിരുന്നു; | 2009 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടന്നു കഴിഞ്ഞിട്ട് 3 വർഷം കഴിയുകയും അതിനോടകം തന്നെ 'പൊതു ശമ്പള പരിഷ്കരണ ഉത്തരവ്, ജി.ഒ(പി) നം.85/2011/ധന തീയതി 26.02.2011 ന് അനുബന്ധമായി ഏകദേശം 117 അനോമലി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തതിനാൽ ശേഷിക്കുന്ന അനോമലികൾ എന്തെങ്കിലും ഉണ്ടെങ്കിൽ, ആയത് അടുത്ത ശമ്പള കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനുള്ള തീരുമാനമാണുണ്ടായത്. |
| (ബി) | എന്ത് കാരണത്താലാണ് പ്രസ്തുത ഫയലിൽ ഡിപ്പാർട്ട്മെന്റിന്റെ ശിപാർശ നിരാകരിച്ചതെന്ന് വ്യക്തമാക്കാമോ ; | |
| (സി) | 7777/പി.ആർ.സി-ഡി2/ 2012/ഫിൻ നമ്പർ ഫയലിൽ തീരുമാനം എടുത്ത ശേഷം 9-ാം ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ ഏതെങ്കിലും അനോമലികൾ പരിഹരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം; അവ പരിഹരിക്കുവാൻ ഉണ്ടായ സാഹചര്യം എന്താണ്; | ഉണ്ട്, 7777/പി.ആർ.സി-ഡി2/ 2012/ഫിൻ നമ്പർ ഫയലിലെ തീരുമാനത്തിനു ശേഷം നാളിതുവരെ 98 അനോമലി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടവയാണെന്ന് ബോധ്യപ്പെട്ട വിഷയങ്ങളിലാണ് അനോമലി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| (ഡി) | മേൽപറഞ്ഞ പ്രകാരം അനോമലികൾ പരിഹരിച്ചിട്ടുണ്ടെങ്കിൽ 7777/പി.ആർ.സി-ഡി2/ 2012/ഫിൻ നമ്പർ ഫയലിലെ തീരുമാനം പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ? | പത്താം ശമ്പള പരിഷ്കരണത്തെത്തുടർന്ന് ഈ വിഷയം ധനകാര്യ വകുപ്പിൽ E.No.229127/ARC1/16/Fin ഫയലിൽ പരിശോധിക്കുകയുണ്ടായി. തുടർ പരിശോധനയ്ക്കു വേണ്ടി ധനകാര്യ വകുപ്പ് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ